II.ഇ.ബി. XII--കേരള നിയമസഭ/V--9

**പന്ത്രണ്ടാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 ജൂലൈ 5, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

62 (*271) ഭൂരഹിതരായ ആദിവാസികൾ

പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, 2001-ൽ ശേഖരിച്ച കണക്ക് പ്രകാരം 22052 ഭൂരഹിത ആദിവാസി കുടുംബങ്ങളും 1 ഏക്കറിൽ താഴെ ഭൂമിയുള്ള 32131 ആദിവാസി കുടുംബങ്ങളും സംസ്ഥാനത്തുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാന ആദിവാസി പുനരധിവാസ വികസന മിഷന്റെ കീഴിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ആറളം ഫാമിൽ 3779 ഏക്കറും ആലക്കോട് 340 ഏക്കറും ഭൂമി വിതരണത്തിനായി കണ്ടെത്തിയതിൽ ആറളം ഫാമിൽനിന്ന് 751 ഏക്കർ ഭൂമി വിതരണം നടത്തിയിട്ടുണ്ട്. 1717 ഏക്കർ ഈ സെപ്റ്റംബർ മാസം വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന് പുറമെ 7693.2257 ഹെക്ടർ (19002 ഏക്കർ) വനഭൂമി ആദിവാസി പുനരധിവാസത്തിന് വേണ്ടി കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ Net present value ആയ 577 കോടി രൂപ കേന്ദ്ര സർക്കാർ വിട്ടുതന്നിട്ടുണ്ടെങ്കിലും സംസ്ഥാനം അടയ്ക്കേണ്ട ഈ തുക ഒഴി

വാക്കിക്കിട്ടാൻ സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജി തീർപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ പുതുതായി കൊണ്ടുവന്ന Scheduled Tribes & Other Traditional Forest Dwellers (Recognition of Forest Rights) Act 2006 നടപ്പിലാവുമ്പോൾ ആദിവാസി ഭൂമി പ്രശ്നം പരിഹരിക്കുന്നതിനായി കൂടുതൽ ഭൂമി ലഭ്യമാവുന്നതാണ്. ഈ നിയമം നടപ്പിലാക്കുന്നതിനുള്ള റൂൾസ് ഫ്രെയിം ചെയ്യുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതെല്ലാം ചേർത്തും, റവന്യൂ, ഫോറസ്റ്റ് വകുപ്പുകളുടെ സഹകരണത്തോടും ആദിവാസി ഭൂമി പ്രശ്നം ഈ ഗവണ്മെന്റിന്റെ കാലഘട്ടത്തിനുള്ളിൽത്തന്നെ പരിഹരിക്കുന്നതിനുള്ള തീവ്രശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നിയമപരമായ ഡോക്യുമെന്റുകൾ അവർക്ക് കൊടുക്കാൻ കഴിയില്ലെങ്കിലും ഒരൊറ്റ ആദിവാസിയേയും അവരുടെ കിടപ്പാടങ്ങളിൽനിന്നും ഇറക്കിവിടുകയില്ലെന്നും ആദിവാസികൾക്ക് യോഗ്യമായ ഭൂമി വിതരണം ചെയ്യുന്നതിന് ഏറ്റവും ഫലപ്രദമായ ഒരു നിയമമാണ് കേന്ദ്രഗവണ്മെന്റ് കൊണ്ടുവന്നിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 302 ആദിവാസി കുടുംബങ്ങൾക്കായി 129.79 ഏക്കർ ഭൂമിക്കുള്ള പട്ടയവും 2086 പേർക്ക് 3238.59 ഏക്കർ സ്ഥലത്തിന് അവകാശ രേഖയും നൽകിയിട്ടുണ്ട്. ഭൂരഹിത ആദിവാസികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കാൻ സർക്കാർ ശ്രമങ്ങൾ നടത്തിവരികയാണ്. ശേഖരണ സംസ്ക്കാരത്തിൽനിന്നും കാർഷിക സംസ്ക്കാരത്തിലേയ്ക്ക് ആദിവാസികളെ കൊണ്ടുവരുന്നതിനായി ബോധവൽക്കരണം നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വലിയ പങ്കു വഹിക്കണം. കൈയ്യേറ്റക്കാരിൽനിന്നും ഭൂമി ഒഴിപ്പിച്ച് ഭൂരഹിതരായ ആദിവാസി

കൾക്ക് കൊടുക്കുന്ന കാര്യം സ്റ്റേറ്റ് മിഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. കോടഞ്ചേരി പഞ്ചായത്തിലെ വട്ടച്ചിറ ആദിവാസികളുടെ പേരിലുള്ള കേസ്സിൽ നിയമപരമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണെന്ന് വനം വകുപ്പുമന്ത്രി ഒരുപചോദ്യത്തിനു മറുപടിയായി അറിയിച്ചു. കാസർഗോഡ് ജില്ലയിലെ കുറവ വിഭാഗത്തിൽപ്പെട്ടവർക്ക് പതിച്ചു കൊടുത്ത ഭൂമിയിൽ വച്ചുപിടിപ്പിച്ച റബ്ബറിൽനിന്നും റബ്ബർപ്പാൽ എടുക്കുന്നതിന് പരിശീലനം നൽകുന്ന കാര്യം ഗവണ്മെന്റ് സജീവമായി പരിശോധിക്കുന്നതാണ്. എറണാകുളം ജില്ലയിലെ ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് ഒരു സെറ്റിൽമെന്റ് പ്രോജക്ടായി ആരംഭിച്ച നേര്യമംഗലം ആദിവാസി കോളനിയെ ഒരു മാതൃകാ ട്രൈബൽ വില്ലേജായി പ്രഖ്യാപിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നു. കൊല്ലം ജില്ലയിലെ കുറിയോട്ടുമലയിലെ ആദിവാസി പുനരധിവാസ പ്രവർത്തനങ്ങളെപ്പറ്റിയും സഹകരണമേഖലയുമായി ബന്ധപ്പെട്ട് അവരുടെ തൊഴിൽപ്രശ്നം പരിഹരിക്കുന്നതു സംബന്ധിച്ചും പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പട്ടികജാതിക്കാരുടെ വീടു നിർമ്മാണത്തിനായി നീക്കിവച്ച തുക ലാപ്സാകാതെ സമയബന്ധിതമായി ചെലവഴിക്കുന്നതിനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്. വൈദ്യുതീകരണത്തിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള എല്ലാ ആദിവാസി കുടുംബങ്ങൾക്കും രണ്ട് വർഷത്തിനുള്ളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനും ഇലക്ട്രിസിറ്റി ബോർഡിലെ മെറ്റീരിയൽസിന്റെ അഭാവം പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. അമ്പൂരിയിൽ ഒരു ട്രൈബൽ ഹൈസ്ക്കൂൾ ആരംഭിക്കുന്ന കാര്യം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. സംസ്ഥാനത്ത് ആകെ 33,556 ഏക്കർ മിച്ചഭൂമി ഉണ്ടായിരുന്നു എന്നും 2004-ൽ കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ

ഭേദഗതി കൊണ്ടുവന്നതോടുകൂടി ഇവ മിച്ചഭൂമി അല്ലാതെയായിത്തീർന്നു എന്നും ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

63 (*272) <u>കെ.എസ്.എഫ്.ഇ.യുടെ സുവർണ്ണ ജൂബിലി ചിട്ടികൾ</u>

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്) നൽകിയ മറുപടിയിൽ, ചിട്ടിയിൽനിന്നുള്ള വരുമാനത്തിന്റെ ഒരു വിഹിതം ചിട്ടിയിൽ ചേരുന്നവർക്ക് സമ്മാനമായി വിതരണം ചെയ്യുമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് കേരള ഗോൾഡൻ ജൂബിലി ചിട്ടികൾ ആരംഭിച്ചതെന്ന് സഭയെ അറിയിച്ചു. ഈ ചിട്ടിയുടെ ഭാഗമായി 1,29,68,257 രൂപയുടെ സമ്മാനങ്ങളും ലോട്ടറി ടിക്കറ്റുകളിൽനിന്നും 36.27 ലക്ഷം രൂപയുടെ സമ്മാനങ്ങളും ഇതുവരെ നൽകിയിട്ടുണ്ട്. 2006 നവംബർ, ഡിസംബർ, 2007 ജനുവരി എന്നീ മാസങ്ങളിൽ ചിട്ടിയിൽ ചേർന്ന ചിറ്റാളന്മാരിൽ മുടക്കം വരുത്താത്ത 1000 രൂപയിലധികം തവണ സംഖ്യയുള്ള ചിട്ടികളിലെ ചിറ്റാളന്മാരെ ഉൾപ്പെടുത്തി നറുക്കെടുപ്പിലൂടെ ഓരോ മാസവും സ്വർണ്ണ നാണയങ്ങൾ സമ്മാനമായി നൽകുകയും (മൊത്തം 125 പവൻ), ഈ കാലയളവിൽ ചിട്ടിയിൽ ചേർന്ന മുടക്കമില്ലാത്ത ചിറ്റാളന്മാർക്ക് മെഗാസമ്മാനങ്ങളായി ഒരു കാർ, 5 മോട്ടോർ ബൈക്കുകൾ, 5 ഫുള്ളി ആട്ടോമാറ്റിക് വാഷിംഗ് മെഷീൻ, 21 ഇഞ്ചിന്റെ പത്ത് കളർ ടി.വി.കൾ, 10 ഡബിൾ ഡോർ ഫ്രോസ്റ്റ് ഫ്രീ ഫ്രിഡ്ജുകൾ എന്നിവയും തവണ സംഖ്യ മുടക്കം കൂടാതെ അടയ്ക്കുന്ന ചിറ്റാളന്മാർക്ക് (പരമാവധി 50 മാസം വരെ) കേരള ഗവണ്മെന്റ് ലോട്ടറി ടിക്കറ്റുകളും സമ്മാനമായി നൽകുന്നു. ചിട്ടികൾ മുടക്കം വരുത്താത്ത ചിറ്റാളന്മാരുടെ പേരിൽ അനുവദിച്ചു നൽകുന്ന സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ നമ്പറുകൾ കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതു കൂടാതെ അതാതു ബ്രാഞ്ചുകളിലെ നോട്ടീസ് ബോർഡുകളിലും

പ്രദർശിപ്പിക്കുന്നതാണ്. സമ്മാനാർഹമായ ലോട്ടറി ടിക്കറ്റുകളിൽ 5000 രൂപയും അതിനുമുകളിലും സമ്മാനത്തുക വരുന്ന ടിക്കറ്റുകൾ ചിറ്റാളന്മാർക്ക് നേരിട്ട് നൽകുന്നുണ്ട്. 5000 രൂപയ്ക്കു താഴെ വരുന്ന സമ്മാനത്തുക അതാത് ചിറ്റാളന്മാരുടെ അക്കൗണ്ടുകളിൽ വരവ് വയ്ക്കുന്നുണ്ട്. സ്വന്തമായി ഭൂമിയില്ലാത്തവരും ഉദ്യോഗസ്ഥജാമ്യം നൽകാൻ കഴിയാത്തവരുമായ ചിറ്റാള ന്മാർക്ക് സ്വർണ്ണമോ ചിട്ടിത്തുകയോ ഡെപ്പോസിറ്റ് ചെയ്യാനുള്ള സൗകര്യം ഇപ്പോൾ നൽകുന്നുണ്ട്. ചിറ്റാളന്മാരുടെ ക്രെഡിറ്റ് റേറ്റ്, മാസവരുമാനം, ജോലി സ്ഥിരത, ഇൻകംടാക്സ് പേമെന്റ്, മറ്റ് സ്വത്തുക്കൾ ഇവ പരിശോ ധിച്ച് ചിട്ടിത്തുക നൽകുന്ന ഒരു സ്കീം ആവിഷ്കരിക്കാൻ സർക്കാരിന് ഉദ്ദേ ശമുണ്ട്. ജാമ്യവ്യവസ്ഥ റിസ്ക് ഇല്ലാതെ കൂടുതൽ ഉദാരമാക്കുന്നതിനുള്ള സമീപനത്തെക്കുറിച്ച് ഡയറക്ടർ ബോർഡ് ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് കെ.എസ്.എഫ്.ഇ. പുതു തായി 40 ലിങ്ക്ഡ് യൂണിറ്റ്സും 25 ചിട്ടി യൂണിറ്റ്സും ആരംഭിക്കാൻ തീരുമാനി ച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനക്ഷമത വിലയിരുത്തിയിട്ടുമാത്രമേ ബ്രാഞ്ചുക ളാക്കിമാറ്റുന്ന കാര്യത്തെപ്പറ്റി ആലോചിക്കുകയുള്ളൂ. ബ്രാഞ്ചുകൾ ഇല്ലാത്ത പഞ്ചായത്തുകളിലും ഗ്രാമപ്പഞ്ചായത്തുകളിലും പടിപ്പടിയായി ഇവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വിദേശ മലയാളികൾക്കും ഈ ചിട്ടിയുടെ പ്രയോജനം ലഭ്യമാക്കുന്ന കാര്യം കേന്ദ്ര ധനകാര്യ വകുപ്പുമായി ചർച്ച ചെയ്യുന്നതാണ്. കെ.എസ്.എഫ്.ഇ. ജീവനക്കാ രുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ചും കോൺട്രിബ്യൂട്ടറി പെൻഷൻ അനുവദിക്കുന്നതു സംബന്ധിച്ചും ഡയറക്ടർ ബോർഡ് ഗൗരവ മായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. കെ.എസ്.എഫ്. ഇ.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ടേൺഓവർ വർദ്ധിപ്പിക്കുന്ന

തിനും പുതിയ സ്കീമുകൾ, ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്തെ 66 കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞുവെന്നും ബാക്കിയുള്ളവ സമയബന്ധിതമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. കെ.എസ്.എഫ്.ഇ. പുതുതായി പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ലോൺ കൊടുക്കുന്ന കാര്യവും ഇക്വിറ്റി വർദ്ധിപ്പിക്കാനായി സർവ്വീസ് ചാർജ്ജിൽനിന്നും ഒരു സംഖ്യമാറ്റി വയ്ക്കുന്ന കാര്യവും  പരിഗണിക്കുന്നതാണ്. കെ.എസ്.എഫ്.ഇ.യുടെ വാർഷിക റിപ്പോർട്ടുകൾ കൃത്യമായി  ലഭിക്കുന്നതിനും ചിട്ടി തവണസംഖ്യയിൽ കുടിശ്ശിക ഉണ്ടാകുന്ന പ്രശ്നം പരിഹരിക്കുന്നതിനും അദാലത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ.യിലും ഗ്രൂപ്പ് ഡെപ്പോസിറ്റ് സേവിംഗ്സ് സ്കീം ആരംഭിക്കുന്ന കാര്യം  പരിശോധിക്കുന്നതാണ്. കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനം പ്രൊഫഷണലൈസ് ചെയ്യുന്നതിന് തീവ്രപരിശീലന പരിപാടി ആവിഷ്ക്കരിച്ചുകഴിഞ്ഞിട്ടുണ്ട്.  ഇതിനായി കെ.എസ്.എഫ്.ഇ.യെ റീലോഞ്ച് ചെയ്യാനും ലോഗോ അടക്കം പുന:സംവിധാനം ചെയ്യാനും ആലോചനയുണ്ടെന്ന് ഒരുപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

64 (*273) <u>സെക്യൂരിറ്റി ഡെപ്പോസിറ്റ്</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ളൈകോഡ് 2005-ലെ 13-ാം ചട്ടപ്രകാരമാണ് ബോർഡ് ഇപ്പോൾ സെക്യൂരിറ്റി തുക ഉപഭോക്താക്കളിൽനിന്നും വാങ്ങുന്നതെന്ന് സഭയെ അറിയിച്ചു. വൈദ്യുതി ചാർജ്ജിനെ അടിസ്ഥാനപ്പെടുത്തിയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങുന്നത്. സെക്യൂരിറ്റി തുക അഞ്ചു ലക്ഷം രൂപയിൽ കൂടുതലായാൽ

പകുതി തുക പണമായി നൽകും. പകുതി ബാങ്ക് ഗ്യാരണ്ടിയും മതിയാകും. പണമായി അടയ്ക്കുന്ന തുകയ്ക്ക് ബാങ്ക് നിരക്കിൽ പലിശ നൽകാൻ വ്യവസ്ഥയുണ്ട്. ബി.പി.എൽ.കാരേയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരേയും മിനിമം ഗ്യാരണ്ടിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. അഡ്വാൻസ് കാഷ് ഡെപ്പോസിറ്റ് അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടില്ല; തവണ വ്യവസ്ഥ ബാധകമാക്കിയിട്ടുണ്ട്. അവരുടെ പേരിലുള്ള കുടിശ്ശിക എഴുതിത്തള്ളാനും റവന്യൂ റിക്കവറിയുണ്ടെങ്കിൽ നിറുത്തിവയ്ക്കാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃത്യസമയത്ത് എ.സി.ഡി. അടയ്ക്കുന്നില്ലെങ്കിൽ 45 ദിവസത്തിനുള്ളിൽ വൈദ്യുതിബന്ധം വിഛേദിക്കാൻ ആക്ടിൽ വ്യവസ്ഥയുണ്ട്. ഒരു പ്രത്യേക കാലഘട്ടത്തിൽ അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനം തുറക്കുന്നതിനുവേണ്ടി മിനിമം ഡിമാന്റ് ചാർജ്ജ് സർക്കാർ എക്സംപ്റ്റ് ചെയ്തുകൊടുത്തിട്ടുണ്ട്. പണിക്കിടയിൽ മരണപ്പെടുന്ന കരാർ തൊഴിലാളികളുടെ കുടുംബത്തിന് 50,000 രൂപ ഉടൻതന്നെ എത്തിച്ചുകൊടുക്കുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### 65 (*275) എ.ഡി.ബി. ലോകബാങ്ക് വായ്പാ പദ്ധതികൾക്ക് യൂസർ ഫീയും സേവന നികുതിയും

ധനകാര്യ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, എ.ഡി.ബി.യും . ലോകബാങ്കും നൽകുന്ന വായ്പ വിനിയോഗിച്ച് സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികളിൽ കേരള സുസ്ഥിരനഗരവികസന പദ്ധതിയുടെ ലോൺ എഗ്രിമെന്റിൽ പദ്ധതി പൂർത്തീകരണത്തിന് ശേഷം സ്വീവറേജ് ചാർജ്ജ്, ഖരമാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഫീസ്, പദ്ധതി കാലയളവിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ പരിപാലനചെലവ് എന്നിവ യൂസർ

ഫീ/സേവന നികുതി എന്നിവയിലൂടെയോ മറ്റ് വരുമാന സ്രോതസ്സുകളിൽനിന്നോ തദ്ദേശ ഭരണ സ്ഥാപനങ്ങൾ കണ്ടെത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നറിയിച്ചു.

66 (*277) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അപകട ഇൻഷ്വറൻസ് പദ്ധതി

ധനകാര്യ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അപകട ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും വാർഷിക ഇൻഷ്വറൻസ് തുക 50 രൂപയാണെന്നും പൊതുമേഖലാ സ്ഥാപനമായ നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും അറിയിച്ചു.

67 (*278) പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈദ്യുതി കുടിശ്ശിക

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പൂട്ടിക്കിടക്കുന്ന എച്ച്.ടി/ഇ.എച്ച്.ടി. പൊതുമേഖലാ സ്ഥാപനങ്ങൾ വൈദ്യുതി ബോർഡിന് കുടിശ്ശിക ഇനത്തിൽ 31.3.2007 വരെ 20,04,37,597 രൂപയും എൽ.ടി. വിഭാഗത്തിൽ നിന്നും 9,66,924 രൂപയും നൽകാനുണ്ടെന്നും 30.6.2007 നകം തുറന്നു പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടേയും പ്ലാന്റേഷനുകളുടേയും വൈദ്യുതിയുടെ മിനിമം ഡിമാന്റ് ചാർജ്ജ് പൂട്ടിക്കിടക്കുന്ന കാലത്തേയ്ക്ക് ഒഴിവാക്കിക്കൊണ്ട് 24.2.2007-ൽ സർക്കാർ ഉത്തരവായിട്ടുണ്ടെന്നും അറിയിച്ചു.

68 (*279 &*283) വഴിയോര തണൽ പദ്ധതി

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ നാഷണൽ ഹൈവേയുൾപ്പെടെയുള്ള

വീഥികൾക്കിരുവശവും തണൽ വൃക്ഷങ്ങളായി ഫലവൃക്ഷങ്ങളും ഔഷധ വൃക്ഷങ്ങളും നട്ടു വളർത്തുവാൻ 'വഴിയോര തണൽ' എന്ന പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ചുമട്ടുതൊഴിലാളികളുടെ പങ്കാളിത്ത ത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും അറിയിച്ചു. നാഷണൽ മെഡിസിനൽ പ്ളാന്റ് ബോർഡും സ്റ്റേറ്റ് മെഡിസിനൽ പ്ളാന്റ് ബോർഡും ഇത്തരം പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്.

69 (*282) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകളുടെ കീഴിലുള്ള ഐ.ടി.സി.കൾ

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 41 ഐ.ടി.സി.കളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 3 ഐ.ടി.സി.കളും പ്രവർത്തിച്ചുവരുന്നുണ്ടെന്നറിയിച്ചു.

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

105 (2170) എസ്.സി./എസ്.ടി/ഒ.ഇ.സി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം

പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യമായി പ്രീമെട്രിക് തലത്തിൽ പദ്ധതിയിനത്തിൽ 40 ലക്ഷം രൂപയും പദ്ധതിയിതരയിനത്തിൽ 1,400 ലക്ഷം രൂപയും പോസ്റ്റ് മെട്രിക് തലത്തിൽ പദ്ധതിയിനത്തിൽ 8,000 ലക്ഷം രൂപയും പദ്ധതിയിതരയിനത്തിൽ 1,600 ലക്ഷം രൂപയും മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് തലത്തിൽ യഥാക്രമം 50 ലക്ഷം രൂപയും 330 ലക്ഷം രൂപയും പോസ്റ്റ് മെട്രിക് തലത്തിൽ യഥാക്രമം 113 ലക്ഷം രൂപയും 3700 ലക്ഷം രൂപയും

വകയിരുത്തിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 2006 മാർച്ച് 31 വരെ പട്ടികവർഗ്ഗവിഭാഗം വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് പ്ളാൻ ഇനത്തിൽ 1,32,95,444 രൂപയും നോൺ പ്ളാൻ ഇനത്തിൽ 1,85,06,745 രൂപയും പ്രീമെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 33,18,337 രൂപയും കുടിശ്ശിക വരുത്തിയിരുന്നത് ഈ ഗവണ്മെന്റ് കൊടുത്തുതീർത്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിദ്യാഭ്യാസാനുകൂല്യങ്ങൾ അതാതു വിദ്യാഭ്യാസ വർഷത്തിൽത്തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

106 (2177, 2178, 2181, 2184, 2185) <u>സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾ</u>

സംസ്ഥാനത്ത് രണ്ട് സ്വകാര്യ ജലവൈദ്യുതപദ്ധതികളുൾപ്പെടെ 26 ജല വൈദ്യുതപദ്ധതികളാണുള്ളത്. 2007 ജൂൺ 1 മുതൽ 26 വരെയുള്ള കണക്ക് പ്രകാരം പ്രതിദിന ശരാശരി ഉപഭോഗം 38.8328 ദശ ലക്ഷം യൂണിറ്റും ആഭ്യന്തര ഉൽപ്പാദനം 17.4654 ദശലക്ഷം യൂണിറ്റുമാണ്. വൈദ്യുതി ഉൽപ്പാദനം കൂട്ടുവാൻ വലുതും ചെറുതുമായ ജല വൈദ്യുത പദ്ധതികളേയും കാറ്റിൽ നിന്നുള്ള വൈദ്യുതി, സൗരോർജ്ജം, ജൈവവസ്തുക്കളിൽ നിന്നുള്ള വൈദ്യുതി തുടങ്ങിയ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ആശ്രയിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനരീതിയാണ് സംസ്ഥാനത്തിന് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. 'യുനിഡോ' യുടേയും ചൈനീസ് ഗവണ്മെന്റിന്റേയും സംയുക്താഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന "ഇന്റർനാഷണൽ നെറ്റ് വർക്ക് ഓൺ ഹൈഡ്രോ പവർ" എന്ന അന്താരാഷ്ട്ര സ്ഥാപനവുമായി സഹകരിച്ച് 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിച്ചെടുക്കുവാൻ 1998-ൽ എം.ഒ.യു. ഒപ്പിട്ടിട്ടുണ്ട്. സംസ്ഥാനത്തെ

വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് 11-ാം പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ 25 പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ 481.40 MW അധിക സ്ഥാപിതശേഷിയാണ് പ്രതീക്ഷിക്കുന്നത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ജലവൈദ്യുത പദ്ധതികളിലൂടെ 7.55 MW വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

107 (2192) കേന്ദ്ര വൈദ്യുതി വിഹിതം

2001-02 മുതൽ 2006-07 വരെ കേന്ദ്ര വിഹിതമായി 35335.49 ദശ ലക്ഷം യൂണിറ്റ് വൈദ്യുതി ലഭിച്ചിട്ടുണ്ട്.

108 (2204) ഇലക്ട്രിക് പോസ്റ്റുകളിലെ കേബിളും പരസ്യങ്ങളും

ഇലക്ട്രിക് പോസ്റ്റുകൾ വ്യാപകമായി പരസ്യപ്രചരണത്തിന് ഉപയോഗിക്കുന്നത് നിരോധിക്കുന്നതിനാവശ്യമായ നടപടികൾ ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. കേബിൾ ടി.വി. നെറ്റ് വർക്ക് കേബിൾ ഇലക്ട്രിക് പോസ്റ്റിലൂടെ കൊണ്ടുപോകുന്നയിനത്തിൽ 2006-ൽ കെ.എസ്.ഇ.ബി.ക്ക് 6,51,76,615 രൂപയുടെ വരുമാനം ലഭ്യമായിട്ടുണ്ട്.

109 (2241) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായം

ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം വായ്പ ഇനത്തിൽ 234.69 കോടി രൂപയും ഗ്രാന്റിനത്തിൽ 953.39 കോടി രൂപയും ഉൾപ്പെടെ കേന്ദ്രാവിഷ്കൃത പദ്ധതികൾ, അധിക കേന്ദ്ര സഹായ പദ്ധതികൾ, വിദേശ സഹായ പദ്ധതികൾ എന്നീ ഇനങ്ങളിലായി 1188.08 കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമായതിൽ 88 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്.

110 (2242) <u>നികുതി ചുമത്തൽ</u>

12 ഇനം ജീവൻരക്ഷാ മരുന്നുകളും (4 ശതമാനം) 14 ഇനം പുകയില ഉൽപ്പന്നങ്ങളും (12.5 ശതമാനം) ഉൾപ്പെടെ 26 ഇനങ്ങൾക്ക് പുതുതായി നികുതി ഏർപ്പെടുത്തി.

111. (2245) <u>സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ</u>

സംസ്ഥാനത്ത് ആകെയുള്ള 81 ചെക്ക് പോസ്റ്റുകളിൽ നിന്നായി ശരാശരി 17.89 കോടി രൂപയാണ് മാസവരുമാനമായി ലഭിക്കുന്നത്. നികുതി വെട്ടിച്ച് സാധനങ്ങൾ കള്ളക്കടത്ത് നടത്തുന്ന സ്ഥലങ്ങളിൽ ആവശ്യമെന്നു കണ്ടാൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

112 (2272) <u>പ്രോവിഡന്റ് ഫണ്ട് സബ്സ്ക്രിപ്ഷൻ</u>

പ്രോവിഡന്റ് ഫണ്ട് സബ്സ്ക്രിപ്ഷൻ ഇനത്തിൽ സർക്കാരിന്റെ കഴിഞ്ഞ മൂന്നു വർഷങ്ങളിലെ ശരാശരി വരവ് 1593.33 കോടി രൂപയും ശരാശരി ചെലവ് 1119. 58 കോടി രൂപയുമാണ്. 2006-2007-ലെ താൽക്കാലിക കണക്കനുസരിച്ചുള്ള വരവ് 1605.62 കോടി രൂപയും ചെലവ് 1384.36 കോടി രൂപയുമാണ്.

113 (2282) <u>ലക്കി വാറ്റിനു ശേഷമുള്ള നികുതിദായകരുടെ എണ്ണം</u>

ലക്കി വാറ്റ് ഏർപ്പെടുത്തുന്നതിനു മുമ്പ് വിൽപ്പനനികുതി ദായകരുടെ എണ്ണം 1.37 ലക്ഷമായിരുന്നു. ലക്കി വാറ്റ് ഏർപ്പെടുത്തിയതിനു ശേഷം 13,576 പേരുടെ വർദ്ധനവുണ്ടായി.

114 (2286) <u>കെ.എസ്.എഫ്.ഇ.യിലെ നിക്ഷേപം</u>

31.3.2007-ലെ കണക്കനുസരിച്ച് കെ.എസ്.എഫ്.ഇ.യുടെ ആകെ നിക്ഷേപം 1313.50 കോടി രൂപയാണ്.

115 (2292) മൽസ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

സംസ്ഥാനത്ത് മൽസ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഉൾനാടൻ മൽസ്യോൽപ്പാദനം വർദ്ധിപ്പിക്കുക, നദികളിലും ഓരു ജലത്തിലും മൽസ്യക്കുഞ്ഞുങ്ങളെ വിതറി മൽസ്യശേഖരം വർദ്ധിപ്പിക്കുക, മൽസ്യ-മൽസ്യേതര ജീവികളുടെ പാഴാക്കൽ ലഘൂകരിക്കുക, പാഴാക്കപ്പെടുന്ന മൽസ്യ-മൽസ്യേതര ജീവികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുക, പാരമ്പര്യേതരവും നൂതനവുമായ മൽസ്യ ഇനങ്ങളെ കണ്ടെത്തി പിടിക്കുകയും പുതിയ മൽസ്യബന്ധനമേഖലകൾ കണ്ടെത്തി ഫലപ്രദമായി ഉപയോഗിക്കുക, മൽസ്യ സമ്പത്ത് സംരക്ഷിക്കുക, ആഴക്കടൽ മൽസ്യബന്ധനം വികസിപ്പിക്കുക തുടങ്ങി വിവിധ പരിപാടികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

116 (2295 & 2296) ഉൾനാടൻ ജലാശയങ്ങളിലെ മൽസ്യക്കൃഷി

ഉൾനാടൻ ജലാശയങ്ങളിൽ മൽസ്യക്കൃഷി നടത്തുന്നതിന് മൽസ്യ കർഷക വികസന ഏജൻസികൾ വഴിയും അഡാക്ക് വഴിയും സാങ്കേതിക/സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നു. ഉൾനാടൻ മൽസ്യവിപണനത്തിനായി സ്റ്റോറേജ് സൗകര്യങ്ങളോടുകൂടി മൽസ്യ മാർക്കറ്റുകൾ നവീകരിക്കുന്ന നടപടി തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നതിനു പുറമെ ഉൾനാടൻ ഫിഷ് ലാന്റിംഗ് സെന്ററുകൾ പുതുതായി ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനവും നടത്തിവരുന്നു. റിസർവോയറുകളിലെ മൽസ്യക്കൃഷിക്കായി 2006-2007 സാമ്പത്തികവർഷം 6.20 ലക്ഷം രൂപ ചെലവഴിക്കുകയും വിളവെടുപ്പിലൂടെ 90.55 ലക്ഷം രൂപ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

117 (2310) <u>അക്വാ ടെക്നോളജി പാർക്ക്</u>

15 മാസത്തിനുള്ളിൽ നിലവിൽ വരുമെന്ന് പ്രതീക്ഷിക്കുന്ന അക്വാ ടെക്നോളജി പാർക്കിലൂടെ സംസ്ഥാനത്തെ അലങ്കാര മൽസ്യക്കൃഷി ഉൽപ്പാദനവും അലങ്കാര മൽസ്യങ്ങളുടെ കയറ്റുമതിയും വർദ്ധിപ്പിക്കുന്നതുവഴി സംസ്ഥാനത്തിന് വിദേശ നാണ്യമുൾപ്പെടെയുള്ള സാമ്പത്തികനേട്ടം കൈവരിക്കാൻ കഴിയും. ഈ പാർക്ക് നിലവിൽ വന്നുകഴിഞ്ഞാൽ 5000 പേർക്ക് നേരിട്ടും 10000 പേർക്ക് അല്ലാതെയും തൊഴിൽ ലഭിക്കുന്നതാണ്.

118 (2319) <u>സ്വന്തമായി വീടില്ലാത്ത മൽസ്യത്തൊഴിലാളി കുടുംബങ്ങൾ</u>

സംസ്ഥാനത്ത് തീരദേശമേഖലയിൽ സ്വന്തമായി വീടില്ലാത്ത 23,821 ഓളം മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ദേശീയ ഭവനനിർമ്മാണ പദ്ധതി പ്രകാരവും സ്പെഷ്യൽ പാക്കേജ് പദ്ധതി പ്രകാരവും സംസ്ഥാന സർക്കാരിന്റേയും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും കിട്ടുന്ന ഫണ്ട് ഉപയോഗിച്ചും മൽസ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

119 ( 2342) <u>തീരദേശ വനവൽക്കരണ പദ്ധതി</u>

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, ജില്ലകളിലെ തീരപ്രദേശങ്ങളിലാണ് വനം വകുപ്പും മൽസ്യബന്ധന വകുപ്പും സംയുക്തമായി തീരദേശ വനവൽക്കരണ പദ്ധതി നടപ്പിലാക്കുന്നത്.

120 (2373) <u>ഭവന നിർമ്മാണ ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>

ഭവന നിർമ്മാണ ബോർഡ് നൽകിയിട്ടുള്ള വായ്പ ഈടാക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 2006-2007 വർഷത്തിൽ 4305.83 ലക്ഷം രൂപ പിരിഞ്ഞുകിട്ടുകയുണ്ടായി.